ഹദീസ്


സുബൈർ കുന്ദമംഗലം
zubairkgm@gmail.com


# പ്രതിഫലാർഹമായ നോമ്പ്

عَنْ أَبِي هُرَيْرَةَ ـ رضى الله عنه ـ عَنِ النَّبِيِّ صلى الله عليه وسلم قَالَ : مَنْ صَامَ رَمَضَانَ إِيمَانًا وَاحْتِسَابًا غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ (متفق عليه).

**അബൂഹുറയ്റ (റ)യിൽനിന്ന്. നബി (സ) പറഞ്ഞു: 'വിശ്വാസത്തോടും പ്രതിഫലേഛയോടും കൂടി റമദാനിൽ വ്രതമനുഷ്ഠിച്ചവന്റെ മുൻകാല പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്' (ബുഖാരി, മുസ്‌ലിം).**

സത്യവിശ്വാസികളെ സംബന്ധിച്ചേടത്തോളം ഭക്തിയുടെ വസന്തകാലമാണ് റമദാൻ. സൽക്കർമങ്ങളുടെ വിളവെടുപ്പ് നടക്കുന്ന കാലം. ആത്മീയോത്കർഷത്തിന്റെ രാപ്പകലുകൾ. പാപമോക്ഷത്തിന്റെ സുവർണ നിമിഷങ്ങൾ.

റമദാൻ അപാരമായ അനുഗ്രഹങ്ങളുടെ സമയമാണ്. സുദീർഘമായ കാത്തിരിപ്പിനു ശേഷം വിശ്വാസിയുടെ സ്വർഗീയാരോഹണത്തിന് കൈവരുന്ന അസുലഭ സന്ദർഭം. മാനത്ത് റമദാനിന്റെ ചന്ദ്രോദയം ദൃശ്യമാകുന്നതോടെ സത്യവിശ്വാസിയുടെ ഉള്ളം കുളിർക്കുന്നു. കാത്തിരുന്ന അതിഥിയെ വരവേൽക്കുമ്പോലെ അയാൾ റമദാനിനെ സ്വീകരിക്കുന്നു. റമദാൻ പിറ കാണുമ്പോൾ പ്രവാചകൻ അനുചരന്മാരോട് ഇപ്രകാരം പറയുമായിരുന്നു: 'നിങ്ങൾക്കിതാ റമദാൻ മാസം വന്നിരിക്കുന്നു. അനുഗൃഹീത മാസം. അതിലെ വ്രതം അല്ലാഹു നിങ്ങൾക്ക് നിർബന്ധമാക്കി. ആ മാസത്തിൽ സ്വർഗകവാടങ്ങൾ തുറക്കപ്പെടുന്നു. നരകവാതിലുകൾ അടക്കപ്പെടുന്നു. കൊടും പിശാചുക്കൾ ബന്ധിതരാകുന്നു. അതിൽ ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠമായ ഒരു രാവുണ്ട്. അതിന്റെ നന്മ നഷ്ടപ്പെട്ടവന് എല്ലാം നഷ്ടമായി' (ഇമാം അഹ്മദ്, നസാഈ).

ഹിജ്റ രണ്ടാം വർഷമാണ് വ്രതം നിർബന്ധമാക്കിയത്. റമദാൻ നോമ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പലതാണ്. അതിൽ പ്രധാനം തഖ്‌വയാർജിക്കുക എന്നതു തന്നെ. ഈമാനിന്റെ ഇന്ധനമാണല്ലോ തഖ്‌വ. തഖ്‌വ കുറയുമ്പോൾ ഈമാൻ ദുർബലമായിപ്പോകും. ഇസ്‌ലാമിലെ മറ്റ് ഇബാദത്തുകളുടെയും ലക്ഷ്യം തഖ്‌വ തന്നെയാണ്. പകലന്തിയോളം അന്നപാനീയങ്ങൾ ഉപേക്ഷിക്കുന്ന നോമ്പുകാരൻ സമൂഹത്തിലെ അവശരുടെയും ദരിദ്രരുടെയും വിശപ്പിന്റെ ആഴം അടുത്തറിയുകയാണ്. വിശക്കുന്നവനെയും കഷ്ടപ്പെടുന്നവനെയും ചേർത്തു നിർത്തുന്നതിനേക്കാൾ പുണ്യകരമായി മറ്റെന്താണുള്ളത്? ചീത്ത വാക്കും തജ്ജന്യമായ പ്രവർത്തനങ്ങളും ഒഴിവാക്കുന്നതിലൂടെ നാവും മനസ്സും ശുദ്ധവും തെളിമയാർന്നതുമായിത്തീരും. വ്രതമെന്നത് കേവലം ഉദരനിയന്ത്രണമല്ലെന്നു ചുരുക്കം.

ശരീരത്തിലെ മുഴുവൻ അവയവങ്ങളെയും നിയന്ത്രിക്കാതെ വ്രതത്തിന്റെ ലക്ഷ്യമായ തഖ്‌വയിലെത്തിച്ചേരുക പ്രയാസമാണ്. നോമ്പുകാരൻ അശ്ലീലച്ചുവയോടെ സംസാരിക്കുകയോ മാന്യമല്ലാത്ത സംസാരത്തിൽ ഏർപ്പെട്ട് ബഹളം വെക്കുകയോ ചെയ്യരുത്. കയർത്തു സംസാരിക്കേണ്ട സാഹചര്യമുണ്ടായാൽ താൻ നോമ്പുകാരനാണെന്ന് പ്രഖ്യാപിച്ച് വിട്ടുനിൽക്കുകയാണ് വേണ്ടത്. 'മ്ലേഛ വാക്കും തദനുസൃതമായ പ്രവർത്തനവും ഉപേക്ഷിക്കാത്തവൻ അന്നപാനീയങ്ങൾ ഉപേക്ഷിക്കണമെന്ന് അല്ലാഹുവിന് യാതൊരു ആവശ്യവുമില്ല' (ബുഖാരി). നോമ്പിനെ പരിചയോടാണ് തിരുദൂതർ ഉപമിച്ചിട്ടുള്ളത്. സകല തിന്മകളെയും കുറ്റകൃത്യങ്ങളെയും പ്രതിരോധിക്കുന്ന പരിച. തിന്മകളിൽ നിന്ന് ഓടിയകലാൻ നോമ്പ് പ്രേരണയാകുന്നില്ലെങ്കിൽ കേവലം പട്ടിണികിടന്നതു കൊണ്ടോ രാത്രി ഉറക്കമൊഴിച്ച് നമസ്കരിച്ചതു കൊണ്ടോ എന്ത് നേടാനാണ്? പ്രവാചകൻ ചോദിക്കുന്നു: 'എത്രയെത്ര നോമ്പുകാരുണ്ട്; വിശപ്പും ദാഹവുമല്ലാതെ മറ്റൊന്നും നേടാത്തവരായി! ഉറക്കച്ചടവല്ലാതെ മറ്റൊന്നും നേടാത്ത എത്രയെത്ര രാത്രി നമസ്കാരക്കാരുണ്ട്!'

അതിനാൽ സത്യവിശ്വാസിയുടെ റമദാനിലെ രാപ്പകലുകൾ ഇതര മാസങ്ങളിൽനിന്ന് തികച്ചും വ്യത്യസ്തമായിരിക്കണം.

റമദാൻ കാരുണ്യത്തിന്റെയും പാപവിമുക്തിയുടെയും നരകവിമോചനത്തിന്റെയും മാസമാണ്. റമദാനിൽ ജീവിച്ചിരിക്കാനുള്ള സൗഭാഗ്യമുണ്ടായിട്ടും സ്വർഗം നേടാനായില്ലെങ്കിൽ അതേക്കാൾ വലിയ നഷ്ടം മറ്റെന്തുണ്ട്? ഉറച്ച വിശ്വാസവും അല്ലാഹുവിന്റെ പ്രതിഫലം ലഭിക്കുമെന്ന ഉത്തമ ബോധ്യവുമില്ലാതെ പട്ടിണി കിടന്നതു കൊണ്ട് ഒന്നും നേടാനാവില്ലെന്നതാണ് ഹദീസിന്റെ താൽപര്യം. വ്രതത്തിന്റെ ഉദ്ദിഷ്ടലക്ഷ്യമായ തഖ്‌വ നേടിയെടുക്കാനാവാതെ രാത്രി മുഴുവൻ നിന്നു നമസ്കരിച്ചതുകൊണ്ടെന്ത്? അതുകൊണ്ടാണ് തിരുനബി സന്തോഷവാർത്ത അറിയിക്കുന്നത്: 'വിശ്വാസത്തോടും പ്രതിഫലേഛയോടും കൂടി റമദാനിൽ രാത്രി നമസ്കാരം നിർവഹിച്ചവന്റെ മുൻകാല പാപങ്ങൾ പൊറുക്കപ്പെടും.'

മറ്റ് ഇബാദത്തുകളിൽനിന്ന് വ്യത്യസ്തമായി നോമ്പിന് ഒരു സ്വകാര്യതയുണ്ട്. ഇതര ഇബാദത്തുകളിൽ കാണുന്ന പ്രകടനാത്മകത നോമ്പിനില്ല. അതുകൊണ്ടാണ് പ്രപഞ്ച സ്രഷ്ടാവ് നോമ്പിനെ തന്നിലേക്ക് ചേർത്തു പറഞ്ഞിട്ടുള്ളത്. അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. അല്ലാഹു പ്രഖ്യാപിച്ചിരിക്കുന്നു: 'മനുഷ്യപുത്രന്റെ കർമങ്ങളെല്ലാം അവനുള്ളതാകുന്നു; നോമ്പൊഴികെ, അതെനിക്കുള്ളതാണ്. ഞാനാണതിന് പ്രതിഫലം നൽകുന്നത്' (ബുഖാരി, മുസ്‌ലിം).

റമദാൻ ഒരു പരിശീലന കാലമാണ്. വിശ്വാസിയുടെ ജീവിതത്തിലൂടെ വർഷംതോറും കടന്നുപോകുന്ന സമ്പൂർണ പാഠശാല. ലക്ഷണമൊത്ത നോമ്പുകാരന് സ്വർഗമല്ലാതെ മറ്റൊന്നും പ്രതിഫലമില്ല. അയാളുടെ പ്രാർഥന സ്വീകരിക്കപ്പെടാതെ പോകില്ല. നോമ്പുകാരന്റെ പ്രവർത്തനങ്ങൾക്കെല്ലാം പ്രതിഫലമുണ്ട്. 'നോമ്പുകാരന്റെ നിദ്ര ഇബാദത്താകുന്നു. അയാളുടെ നിശ്ശബ്ദത തസ്ബീഹാണ്. പ്രവൃത്തികൾക്ക് ഇരട്ടിയിരട്ടി പ്രതിഫലമുണ്ട്. പ്രാർഥന ഉത്തരം നൽകപ്പെടുന്നതാണ്. പാപങ്ങൾ പൊറുക്കപ്പെടുന്നതും' (ബൈഹഖി). സ്വർഗത്തിലേക്ക് പ്രത്യേക വാതിലിലൂടെയാണ് നോമ്പുകാരൻ പ്രവേശിക്കുക. സഹ്‌ല് ബ്നു സഅ്ദ് നിവേദനം ചെയ്യുന്നു: 'സ്വർഗത്തിൽ റയ്യാൻ എന്നു പേരുള്ള ഒരു വാതിലുണ്ട്. അന്ത്യനാളിൽ നോമ്പുകാർ അതിലൂടെയാണ് പ്രവേശിക്കുക. അവരല്ലാതെ മറ്റാരും അതിലൂടെ പ്രവേശിക്കുകയില്ല. നോമ്പുകാരെവിടെയെന്ന് വിളിച്ചു ചോദിക്കപ്പെടും. അപ്പോൾ അവർ എഴുന്നേറ്റു വരും. അവരല്ലാതെ മറ്റാരും അതു വഴി പ്രവേശിക്കില്ല. അവർ പ്രവേശിച്ചു കഴിഞ്ഞാൽ അത് അടക്കപ്പെടും. പിന്നീടൊരാളും അതു വഴി പ്രവേശിക്കില്ല.' ●